(ബി) വയനാട് ജില്ലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

വ്യവസായ പ്രോത്സാഹനത്തിനായുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ വയനാട് ജില്ലയിൽ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ, ജില്ലയിൽ സംരംഭകരിലൂടെ 500 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിലൂടെ 32 കോടി രൂപ നിക്ഷേപവും 1750-ഓളം തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

ആറ്റിങ്ങൽ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ പുനരുദ്ധാരണ പാക്കേജ്

129(398) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആലംകോട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പാക്കേജ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നും നിലവിലില്ല. വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് വിവിധ ഇനങ്ങളിലായി റവന്യൂ റിക്കവറി കുടിശ്ശിക ഇനത്തിലെ 18 ലക്ഷം രൂപ ഉൾപ്പെടെ ഏകദേശം 40 ലക്ഷത്തോളം രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. പ്രസ്തുത റവന്യൂ റിക്കവറിയുടെ ഭാഗമായുള്ള ജപ്തി നടപടിയിന്മേൽ സ്റ്റേ അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

യുവ സംരംഭകർക്കുള്ള പ്രോത്സാഹനങ്ങൾ

130(399) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എച്ച്. സലാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ തയ്യാറായി എത്തുന്ന യുവ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly